ജി1/40332/05 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, തീയതി: 01-06-2006

സർക്കുലർ നമ്പർ. 23/2006

വിഷയം: വിവരാവകാശനിയമം-2005-സഹകരണസ്ഥാപനങ്ങൾ "പബ്ളിക് അതോറിറ്റി" എന്ന നിർവചനത്തിൽ ഉൾപെടുന്നത്.

സൂചന: സർക്കാരിന്റെ 5.5.2006ലെ 3159/പി.എസ്. 1/06/സഹ: നമ്പർ കത്ത്.

2005-ലെ വിവരാവകാശനിയമത്തിലെ വകുപ്പ്-5, ഉപവകുപ്പ് 1,2 പ്രകാരം എല്ലാ പബ്ളിക് അതോറിറ്റിയും, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 100 ദിവസങ്ങൾക്കകം ആവശ്യമുള്ളടത്തോളം പബ്ളിക് ഇൻഫർമേഷൻ ആഫീസർമാരേയും ഈ നിയമത്തിന്റെ ഉദ്ദേശ്യത്തിനായി സ്ഥാനനിർണയം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടു. നിയമത്തിലെ വകുപ്പ് 2(എച്ച്) പ്രകാരം പബ്ളിക് അതോറിറ്റി എന്നാൽ ഏതൊക്കെ സ്ഥാപനങ്ങൽ ഉൾപ്പെടുമെന്നും നിർവചിച്ചിട്ടുണ്ട്. പ്രസ്തു നിയമത്തിലെ വകുപ്പ് 2(എച്ച്) (സി)യിൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ ഏതു നിയമപ്രകാരംവും രൂപീകൃതമായ സ്ഥാപനങ്ങളും "പബ്ളിക് അതോറിറ്റി"യിൽ ഉൾപ്പെടുമെന്നതിനാൽ സംസ്ഥാനത്തെ സഹകരണ രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണസംഘങ്ങളും 'പബ്ളിക് അതോറിറ്റി' എന്നതിൽ ഉൾപ്പെടുമെന്ന് സൂചന പ്രകാരം സർക്കാർ അിറയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ നല്കുന്നു.

1. സംസ്ഥാനത്തു സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും 2005-ലെ വിവരാവകാശനിയമം (2005-ലെ 22-ാം നമ്പർ കേന്ദ്ര നിയമം) അനുസരിച്ചു "പബ്ളിക് അതോറിറ്റി" ആയിരിക്കും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന എല്ലാ വിവരങ്ങളും അപേക്ഷകനു നല്കുന്നതിനു സഹകരണ സ്ഥാപനങ്ങൾ ബാദ്ധ്യസ്ഥമായിരിക്കും. അപ്രകാരം നല്കാത്തപക്ഷം, നിയമത്തിൽ അനുശാസിക്കുന്ന ശിക്ഷയ്ക്കു വിദേയരാകേണ്ടിവരും. എല്ലാ സഹകരണ സ്ഥാപനങ്ങളും ഇതിനായി പബ്ളിക് ഇൻഫർമേഷൻ/അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർമാരെ ഉടനടി നിയമിക്കേണ്ടതും ആയത് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.
2. അപേക്ഷകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനു 19-10-2005-ലെ സർക്കാർ ഉത്തരവു (സാധാ) നമ്പർ 8026/05/പൊതുഭരണ വകുപ്പു പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാകാം. ഓരോ അപേക്ഷയ്ക്കും 10 രൂപ ക്രമത്തിൽ ഫീസ് ഈടാക്കാം. കൂടാതെ, 1.4.06-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2383/06 പൊതുഭരണവകുപ്പ് പ്രകാരമുള്ള വ്യവസ്ഥകളും പാലിക്കേണ്ടതാണ്.
3. 2005-ലെ വിവരാവകാശ നിയമത്തിന്റെ പൂർണരൂപം സർക്കാർ വെബ്സൈറ്റിൽ (www.kerala.gov.in....................................................) അഥവാ (right to information.gov.in…………………) ലഭ്യമാണ്. ഇതു സംബന്ധിച്ചുള്ള മറ്റ് വിവരങ്ങളും സർക്കാർ വെബ്സൈറ്റിൽ ലഭ്യമാണ്.

4. ഇനി മുതൽ സഹകരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട വിവരങ്ങളെ സംബ ന്ധിച്ച അപേക്ഷകൾ ഈ വകുപ്പിലെ ഇൻഫർമേഷൻ ആഫീസർമാർ സ്വീകരിക്കേണ്ട തില്ല. എന്നാൽ അപ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്ന പക്ഷം ആയത് കാരമണസ ഹിതം രേഖാമൂലം മടക്കിനല്കുകയോ ബന്ധപ്പെട്ട സഹകരണസ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദേശം സഹിതം കൈമാറിയ ശേഷം വിവരം അപേക്ഷകനെ രേഖാ മൂലം അറിയിച്ചിരിയ്ക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ സമയപരിധി കൃത്യ മായി പാലിക്കുവാൻ നിർദേശിയ്ക്കുന്നു.

5. മേൽ വിവരങ്ങൾ എല്ലാ സഹകരണസ്ഥാപനങ്ങളുടെയും അടിയന്തിരശ്രദ്ധയിൽ കൊണ്ടുവരുവാൻ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ സത്വരനടപടികൾ സ്വീകരിയ്ക്കേണ്ടതാണെന്നു നിർദേശിക്കുന്നു. സ്വീകരിച്ച നടപടി ഒരാഴ്ചയ്ക്കകം ഈ ആഫീസിൽ അിറയിക്കേണ്ടതാണ്. 1.4.06-ലെ 2383/06 നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് കൂടി അടക്കം ചെയ്യുന്നു.

ഒപ്പ്

വി.രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

1. എല്ലാ അപ്പക്സ് സഹകരണസ്ഥാപനങ്ങൾക്കും
2. എല്ലാ ഫെഡറൽ സഹകരണസ്ഥാപനങ്ങൾക്കും
3. എല്ലാ ജില്ലാ സഹകരണബാങ്കുകൾക്കും
4. എല്ലാ സഹകരണസംഘം ജോയിൻര് രജിസ്ട്രാർമാർക്കും (ജനറൽ ആന്റ് ആഡിറ്റ്) മാർക്കും
5. എല്ലാ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ ആന്റ് ആഡിറ്റ്)മാർക്കും
6. എല്ലാ ജില്ലാ/പ്രൈമറി സഹകരണസ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ/അസി സ്റ്റന്റ് രജിസ്ട്രാർമാർ മുഖേന)
7. ഈ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും
8. സഹകരണസംഘം രജിസ്ട്രാറുടെ പി.എ.യ്ക്ക്
9. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും
10. ഈ ആഫീസിലെ എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
11. സഹകരണവീഥി
12. സ്റ്റോക്കു ഫയൽ
13. സ്പെയർ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി